പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1952 — 08.1[illegible].2014 - ലെ മറുപടിക്ക്

## സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത് എങ്ങനെയെന്ന് വ്യക്തമാക്കുമോ ; | (എ) | കേരള പബ്ലിക് സർവ്വീസസ് ആക്ടും അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളുടെയും മറ്റ് എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. |
| (ബി) | KS&SSR റൂൾ 8 അനുസരിച്ച് മാതൃ വകുപ്പിലേക്ക് തിരിച്ചു വരുന്ന ഒരു ജീവനക്കാരന് അത്തരത്തിൽ വരുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ആയതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഈ റൂൾ അനുസരിച്ച് എന്തെങ്കിലും കാരണം ബോധിപ്പിച്ചാലെ വകുപ്പ് മേധാവി ഇവരെ തിരിച്ചെടുക്കൂ എന്ന് നിബന്ധന ഉണ്ടോ; ഉണ്ടെങ്കിൽ എന്ത് കാരണങ്ങളാണ് സ്വീകാര്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. ബാധകമല്ല. |
| (ഡി) | KSR, KS&SSR എന്നിവയിലെ വ്യവസ്ഥകൾ വകുപ്പ് മേധാവിയ്ക്ക് ഇഷ്ടമുണ്ടെങ്കിൽ നടപ്പിലാക്കിയാൽ മതിയോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | KSR, KS&SSR's എന്നിവയിലെ സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾ നടപ്പിലാക്കുവാൻ വകുപ്പ് മേധാവികൾ ബാദ്ധ്യസ്ഥരാണ്. |
| (ഇ) | KS&SSR റൂൾ 8 പ്രകാരം തിരികെ എടുക്കുന്നതിലും തിരികെ എടുത്തവർക്ക് സീനിയോറിറ്റി തിരികെ നൽകുന്നതിലും പ്രകടമായ വിവേചനം നടത്താൻ ഏതെങ്കിലും വകുപ്പ് മേധാവിക്ക് അവകാശമുണ്ടോ; | (ഇ) | ഇല്ല. |

(എഫ്) ഈ റൂൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതും തീരുമാന ങ്ങൾ എടുക്കുന്നതും കുറ്റകരമാ ണോ; എങ്കിൽ ഏത് ചട്ടപ്രകാരം ഇവർക്കെതിരെ നടപടി സ്വീകരി ക്കാം എന്ന് വ്യക്തമാക്കുമോ;

(ജി) സർവ്വീസ് റൂളുകൾക്ക് വിരുദ്ധമായി ജീവനക്കാർക്കെതിരെ എന്തെ ങ്കിലും നടപടി സ്വീകരിക്കുവാൻ വകുപ്പ് മേധാവിക്ക് അവകാശമു ണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; KS&SSR റൂൾ എട്ടുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെ യാണ്; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ; KS SSR റൂൾ എട്ട് അനുസരിച്ച് തിരികെ മാതൃ വകുപ്പിൽ എത്തുന്ന ജീവനക്കാരന് സീനിയോറിറ്റി പുനഃസ്ഥാപിക്കുന്ന തിനു സമയപരിധി നിശ്ചയിച്ചിട്ടു ണ്ടോ; ആയത് വകുപ്പ് മേധാവിയുടെ വിവേചനാധികാര മാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; നോട്ട് ഫയലുക ളിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി എഴുതുന്ന ഒരു ജീവനക്കാരനെ തിരെ ഏതെല്ലാം സർവ്വീസ് ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാം എന്ന് വ്യക്തമാ ക്കുമോ; വ്യക്തമായ ചട്ടവും കോടതി വിധികളും പ്രിസിഡ ന്റസും ഉള്ളപ്പോൾ അവയ്ക്ക് വിരുദ്ധമായ അഭിപ്രായങ്ങൾ എഴുതുന്ന ജീവനക്കാർക്കെതിരെ വകുപ്പ് മേധാവികൾക്ക് സ്വീകരി ക്കാവുന്ന ശിക്ഷണ നടപടികൾ എന്തൊക്കെയാണ്; ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് എന്നും വ്യക്തമാക്കുമോ?

<u>(എഫ്) ഉം (ജി) യും</u>

പ്രധാനപ്പെട്ട ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. സീനിയോറിറ്റി പുനഃസ്ഥാപിക്കുന്ന തിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. ഡ്യൂട്ടിയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ KCS(CC& A) റൂൾസ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്